# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4064 — 25.06.2014 ൽ മറുപടിക്ക്

## മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതുക്കിയ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി ഉത്തരവിറക്കിയിട്ടും അതുപ്രകാരം നിയമനങ്ങൾ നടത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സ.ഉ (എം.എസ്) 114/2014/ആകുവ തീയതി 16.04.2014 പ്രകാരം മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി 19 (പത്തൊൻപത്) അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ ലേ സെക്രട്ടറി & ട്രഷററുടേതൊഴികെ മററുള്ളവയിൽ നിയമനം നടത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പുതുക്കിയ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഡോക്ടർമാരേയും ജീവനക്കാരേയും നിയമിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (ബി) വിവിധ സ്പെഷ്യാലിറ്റികളിലായി 5 (അഞ്ച്) ഡോക്ടർമാരുടെ തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്. ഇതിൽ സർജറി, ഡെർമ്മറ്റോളജി എന്നീ വിഭാഗങ്ങളിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ തസ്തികകൾ 21.06.2014-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നടന്ന ഡോക്ടർമാരുടെ കൂടിക്കാഴ്ചയിലൂടെ (സർവ്വീസിലുള്ളവരും നിശ്ചിത പി.ജി ബിരുദമുള്ളവരുമായവർ) നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ഡോക്ടർമാരുടെ തസ്തികകളിൽ ഈ വകുപ്പിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് സർജൻമാരിൽ, പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ